

FRIDAY 02/08/2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 2/08/2024

1. കൃഷി വകുപ്പ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്ന പദ്ധതിയാണ് കൂൺ ഗ്രാമം പദ്ധതി. സംസ്ഥാന വ്യാപകമായി 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾക്ക് പുറമേ 2 വൻകിട കൂൺ ഉൽപ്പാദന യൂണിറ്റും, 1 കൂൺ വിത്തുത്പാദന യൂണിറ്റ്, 3 കൂൺ സംസ്കരണ യൂണിറ്റ്, 2 പാക്ക് ഹൗസ്, 10 കമ്പോസ്റ്റിംഗ് യൂണിറ്റ് എന്നിവ ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിനെയാണ് കൂൺ ഗ്രാമത്തിനായി തെരഞ്ഞെടുത്തിരിയ്ക്കുന്നത്. ഈ പദ്ധതിയിൽ അംഗമാകാൻ താല്പര്യം ഉള്ളവർ കരം അടച്ച രസീത്, ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവ സഹിതം കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. തിരുവനന്തപുരം: ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇന്ന് മുതൽ ആരംഭിക്കാനിരുന്ന കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് അഞ്ചാം ഘട്ടത്തിന്റെയും ചർമ്മമുഴ രോഗപ്രതിരോധ കുത്തിവയ്ച് രണ്ടാം ഘട്ടത്തിന്റെയും സംയുക്ത വാക്സിനേഷൻ യജ്ഞം സംസ്ഥാനത്തെ പ്രതികൂല കാലാവസ്ഥ മൂലം ഈമാസം അഞ്ചിലേക്ക് മാറ്റി. അഞ്ച് മുതൽ ഉള്ള 30 പ്രവൃത്തി ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീ മുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തും.

3. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധിയുടെ ഭാഗമായി കേരള മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന വ്യാപകമായി ഉരുക്കൾക്ക് 2024 ഓഗസ്റ്റ് 5-ാം തീയതി മുതൽ 30 പ്രവൃത്തി ദിവസങ്ങളിലായി കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ് അഞ്ചാംഘട്ടവും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടവും നടത്തുന്നു. പ്രസ്തുത വാക്സിനേഷനുകൾക്ക് വാക്സിനേറ്റർമാർ, സഹായികൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ വെള്ളകടലാസ്സിൽ തയ്യാറാക്കിയ ബയോഡാറ്റ സഹിതം തങ്ങൾ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള മൃഗാശുപത്രിയിൽ മാത്രം സ്ഥാപനമേധാവി (ചീഫ് വെറ്ററിനി ഓഫീസർ/സീനിയർ വെറ്ററിനറി സർജൻ/ വെറ്ററിനറി സർജൻ) മുൻപാകെ ആശുപത്രി പ്രവർത്തന സമയത്ത് 2024 ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് മുൻപായി അപേക്ഷ നേരിട്ട് തന്നെ സമർപ്പിക്കേണ്ടതാണ് അപേക്ഷയിൽ മേൽവിലാസവും, മൊബൈൽ നമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആധാർ കാർഡിൻ്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിഗണിക്കുന്നത് ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

4. വയനാട് പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ക്ഷീര വികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ക്ഷീരശ്രീ പോർട്ടൽ (ksheerasree.kerala.gov.in) മുഖേന ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കേണ്ടതിന്റെ അവസാന തീയതി 2024 ഓഗസ്റ്റ് 5 വരെ ദീർഘിപ്പിച്ചിരിക്കുന്നതായി വകുപ്പ് ഡയറക്ടർ അറിയിച്ചു.

5. സംസ്ഥാനത്ത് അതിരൂക്ഷമായ മഴക്കെടുതി ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ കുട്ടികൾക്ക് 2023- 2024 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള തീയതി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ആഗസ്റ്റ് 21 ന് വൈകിട്ട് 5 മണി വരെയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ അപ്പീൽ അപേക്ഷ സ്വീകരിക്കുന്നതിന് ആഗസ്റ്റ് 31 ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈകിട്ട് 5 മണി വരെയും ദീർഘിപ്പിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. അപേക്ഷാ ഫോം www.agriworkersfund.org വെബ്സൈറ്റിൽ ലഭ്യമാണ്.

6. എറണാകുളം ജില്ലയിലെ ചെറായി, ചിങ്ങം ഒന്ന് കർഷക ദിനത്തിനോടനുബന്ധിച്ച് എടവനക്കാട് പഞ്ചായത്ത് കൃഷിഭവൻ പരിധിയിലെ മികച്ച കർഷകരെ ആദരിക്കുന്നതിനായി വിവിധ കാറ്റഗറിയിലുള്ള കർഷകരുടെ അപേക്ഷ ക്ഷണിച്ചു. ജൈവ കർഷകർ, വനിതാ കർഷകർ, വിദ്യാർഥി കർഷ കർ, മുതിർന്ന കർഷകർ, എസ്.സി, എസ്.ടി വിഭാഗത്തിലുള്ള കർഷകർ, ക്ഷീര കർഷകർ, മുതിർന്ന കർഷകത്തൊഴിലാളി, സമ്മിശ്രകർഷകർ എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് ആഗസ്റ്റ് 5-ന് വൈകീട്ട് 4 മണി വരെ കൃഷിഭവനിൽ അപേക്ഷകൾ സമർപ്പിക്കാം.

7. എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി പഞ്ചായത്ത് കൃഷിഭവൻ പരിധിയിലെ മുതിർന്ന കർഷകർ, കർഷകത്തൊഴിലാളി, വനിതാ കർഷക, വിദ്യാർഥി കർഷകർ, ജൈവ കർഷകർ, എസ്.സി. കർഷകർ, യുവ കർഷകർ, ഏറ്റവും കൂടുതൽ പഴം, പച്ചക്കറികൾ ആഴ്ചച്ചന്തയിൽ കൊടുത്ത കർഷകർ, കൃഷിക്കൂട്ടം, മട്ടുപ്പാവ് കൃഷി, പൊക്കാളി നെൽകൃഷി കർഷകർ, ക്ഷീര കർഷകർ എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് ആഗസ്റ്റ് 5-ന് വൈകീട്ട് 5മണി വരെ കൃഷിഭവനിൽ അപേക്ഷകൾ സമർപ്പിക്കാം.

8. എറണാകുളം ജില്ലയിലെ പള്ളിപ്പുറം പഞ്ചായത്ത് കൃഷിഭവൻ പരിധിയിലെ കർഷകത്തൊഴിലാളി, മുതിർന്ന കർഷകർ, വനിതാ കർഷക, എസ്.സി, എസ്.ടി കർഷകർ, ജൈവ കർഷകർ, യുവ കർഷകർ, അക്വാപോണിക്സ് കർഷകർ, മത്സ്യ കർഷകർ, വിദ്യാർഥി കർഷകർ എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് ആഗസ്റ്റ് 5-ന് വൈകീട്ട് 4മണി വരെ കൃഷിഭവനിൽ അപേക്ഷ കൾ സമർപ്പിക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. ചിങ്ങം ഒന്ന് കർഷകദിനത്തിന് വിവിധ വിഭാഗത്തിൽപ്പെട്ട മികച്ച കർഷകരെ ആദരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ അങ്കമാലി കൃഷിഭവൻ അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് അഞ്ചുവരെ നഗരസഭാ കൗൺസിലർമാർ, എഡിസി അംഗങ്ങൾ മുഖേനയോ കൃഷിഭവനിൽ വന്ന് നേരിട്ടോ വെള്ളക്കടലാസിൽ അപേക്ഷിക്കണം. അപേക്ഷയോടൊപ്പം കൃഷിയിടത്തിന്റെ ഫോട്ടോയും അപേക്ഷ നൽകുന്ന വ്യക്തിയുടെ ഫോട്ടോയും (ഫോട്ടോയുടെ പുറകിൽ പേര് എഴുതിയിരിക്കണം) നൽകണം. എങ്കിൽമാത്രമെ ഫീൽഡ്തല പരിശോധന നടത്തി സെലക്ഷൻ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മികച്ച നെൽക്കർഷകൻ, സമ്മിശ്ര കർഷകൻ, യുവകർഷകൻ, യുവകർഷക, ജാതി കർഷകൻ, ക്ഷീരകർഷകൻ, കർഷക, തെങ്ങുകർഷകൻ, മട്ടുപ്പാവ് കർഷകൻ, പട്ടിക ജാതി കർഷകൻ. വിദ്യാർഥി കർഷകൻ /കർഷക, കർഷക തൊഴിലാളി, മുതിർന്ന കർഷകൻ വിഭാഗങ്ങളിലാണ് പുരസ്കാരം നൽകുന്നത്.

10. മാംഗോ ഫ്രൂട്ട്സ് കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ വ്യാഴാഴ്ച മുതൽ 11-ാം തീയതി വരെ തലസ്ഥാനത്ത് ചക്ക തേൻ, മാമ്പഴമേള സംഘടിപ്പിക്കുന്നു. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഭാഗ്യമാല ഓഡിറ്റോറിയത്തിൽ മേളയുടെ ഉദ്ഘാടനം വ്യാഴാഴ്ച വൈകിട്ട് 5 മണിയ്ക്ക് വി.കെ. പ്രശാന്ത് എം.എൽ.എ നിർവഹിക്കും. പ്രവേശനം സൗജന്യമാണ്.